8. നെല്ലു സംഭരണം

9. പച്ചക്കറി വികസനം

10. പയറുവർഗ്ഗ വികസനം

11. കിഴങ്ങുവർഗ്ഗ വികസനം

(ബി) വിലയിരുത്തിയിട്ടുണ്ട്.

(സി) കുറഞ്ഞ കാലയളവിൽ വിളവെടുക്കാൻ സാധിക്കുന്ന ധാന്യ വിളകളായ കൂരവ് (റാഗി), ചോളം (മെയ്സ്) എന്നിവ കർഷകർ ചെറിയ തോതിൽ കൃഷി ചെയ്തുവരുന്നുണ്ട്.

(ഡി) പരിഗണിക്കാവുന്നതാണ്.

## കൃഷിക്കാരുടെ ആവശ്യങ്ങൾ നിറവേറ്റാൻ കൃഷിഭവനുകളെ പര്യാപ്തമാക്കൽ

6 (*576) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. പി. റ്റി. എ. റഹീം :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കൃഷിഭവനുകളും കൃഷിക്കാരും തമ്മിലുള്ള ബന്ധം അകന്നുകൊണ്ടിരിക്കുന്നുവെന്ന ആക്ഷേപം സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

(ബി) കൃഷിക്കാരുടെ കാലോചിതമായ ആവശ്യങ്ങൾ നിറവേറ്റാൻ കൃഷിഭവനുകൾ പര്യാപ്തമാണോ എന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(സി) കാർഷിക ഉല്പാദനം ശക്തിപ്പെടുത്താനുള്ള പ്രാഥമിക കേന്ദ്രങ്ങളായി കൃഷിഭവനുകളെ ശക്തിപ്പെടുത്താനും അതിനനുസൃതമായ നയസമീപനങ്ങൾ സ്വീകരിക്കാനും തയ്യാറാകുമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) പൂർണ്ണമായും പൊതുസേവന മേഖലയിൽ ഉൾപ്പെട്ടിട്ടുള്ള ഒരു വകുപ്പ് എന്ന നിലയിൽ പൊതുജന പങ്കാളിത്തം ഉറപ്പു വരുത്തിക്കൊണ്ടുള്ള പ്രവർത്തന ശൈലിയിലൂടെയാണ് കൃഷി വകുപ്പ് പദ്ധതികൾ നടപ്പിലാക്കിവരുന്നത്. ഈ ബന്ധം കഴിഞ്ഞ രണ്ടുവർഷം കൊണ്ട് കൂടുതൽ ദൃഢമാകുകയാണ് ചെയ്തത്.

(ബി) കർഷക സംഗമങ്ങൾ, അദാലത്തുകൾ, കാർഷിക ഉപദേശക സമിതികൾ പുനഃസംഘടിപ്പിക്കൽ എന്നിവ വഴി കൃഷിഭവന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്. കർഷകർക്ക് പദ്ധതി പണം ബാങ്ക് വഴി നൽകി തുടങ്ങി.

LIBRARY ARCHIVES Kerala Legislative Assembly

550 കൃഷിഭവനുകളിൽ ഇരുചക്രവാഹനവും 75 ബ്ലോക്കുകളിൽ മൊബൈൽ അഗ്രിക്ലിനിക് വാഹനവും നൽകി. കൃഷിഭവനുകളിൽ ഇന്റർനെറ്റ് സ്ഥാപിക്കുക വഴി വിജ്ഞാന വ്യാപനത്തിനും കാലാവസ്ഥ, വിപണി വാർത്തകൾ എന്നിവ കർഷകർക്ക് ഉടനടി ലഭ്യമാക്കുകയും ചെയ്യുന്നു. പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി സർക്കാർ തലത്തിലും കൃഷി ഡയറക്ടറുടെ അദ്ധ്യക്ഷതയിലും മാസത്തോറും നേരിട്ടും വീഡിയോ കോൺഫറൻസിലൂടെയും നിരന്തരം അവലോകനവും നിർദ്ദേശങ്ങളും നൽകിവരുന്നു.

(സി) കാർഷിക ഉൽപ്പാദനം ശക്തിപ്പെടുത്തുന്നതിനായി താഴെപ്പറയുന്ന നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു :

1. നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും അനുബന്ധ ഉൽപ്പന്നങ്ങൾ വികസിപ്പിക്കുന്നതിനുംവേണ്ടി റൈസ് ബയോ പാർക്കും നാളികേരത്തിന്റെ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾക്കായി കോക്കനട്ട് ബയോപാർക്കും സ്ഥാപിക്കുന്നു.

2. ഗ്രീൻ/പോളിഹൗസ് പദ്ധതി പ്രകാരം പച്ചക്കറി കൃഷി വ്യാപിപ്പിച്ചു.

3. പൈനാപ്പിൾ കൃഷിക്കായി പൈനാപ്പിൾ മിഷൻ രൂപീകരിച്ചു.

4. വിള ആരോഗ്യ പരിപാലനത്തിനായി 13.0 കോടി രൂപയുടെ പുതിയ പദ്ധതിനടപ്പിലാക്കുന്നു.

5. കാലാവസ്ഥ അധിഷ്ഠിത ഇൻഷ്വറൻസ് ശക്തിപ്പെടുത്തുന്നതിനായി പുതിയ പദ്ധതി

6. കുട്ടനാട് ഹെറിറ്റേജ് പ്രോജക്ടിനായി പുതിയ പദ്ധതി നടപ്പിലാക്കുന്നു.

7. കിലോയ്ക്ക് 17 രൂപ നിരക്കിൽ നെല്ലും 16 രൂപ നിരക്കിൽ പച്ചതേങ്ങയും സംഭരിക്കുന്നു.

8. കർഷക ക്ഷേമ ബോർഡ് സ്ഥാപിക്കുന്നു.

9. 1000 ചിറകൾ സംരക്ഷിക്കുന്നതിനായി സഹസ്ര സരോവർ പദ്ധതി

10. 30 നിയോജകമണ്ഡലങ്ങളിൽ കൂടി നിറവ് പദ്ധതി

11. 6 മൊത്ത വ്യാപാര വിപണികൾ ശക്തിപ്പെടുത്തി അഗ്രിമാൾ ആരംഭിക്കുന്നു.

12. ചെറുകിട നാമമാത്ര കർഷകർക്കുള്ള പെൻഷൻ മാസത്തോറും 500 രൂപ നിരക്കിൽ വർദ്ധിപ്പിക്കുന്നതാണ്.

13. കർഷകർക്ക് മൊബൈൽ ഫോണിലൂടെ ഫാം അഡൈ്വസറി മെസേജിംഗ് സമ്പ്രദായവും ജില്ലാ കേന്ദ്രങ്ങളിൽ അഗ്രികിയോസ്ക്കുകളും സ്ഥാപിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly